# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.905** | **04.03.2020-ൽ മറുപടിക്ക്**

## ഐ.റ്റി അധിഷ്ഠിത വേജ് പേയ്മെന്റ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) 2018 ജൂലൈ 8-ന് വിജ്ഞാപനം ചെയ്ത കേരള മിനിമം വേതനചട്ടം ഭേദഗതി ചെയ്ത് ഐ.റ്റി അധിഷ്ഠിത വേജ് പേയ്മെന്റ് സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) 2015 ജൂലൈ 8-ാം തീയതിയിലെ ജി.ഒ. (പി) നം.84/2015/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഐ.റ്റി. അധിഷ്ഠിത വേജ് പേയ്മെന്റ് സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഇത് നടപ്പിലാക്കിയത്; ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) നിലവിൽ ഷെഡ്യൂൾഡ് എംപ്ലോയ് മെന്റിൽ, ഉൾപ്പെടുത്തിയിട്ടുള്ള 38 തൊഴിൽ മേഖലകളിലെ ജീവനക്കാർക്ക് വേതന സുരക്ഷാ പദ്ധതി വഴി വേതന വിതരണം നടത്തിവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>ടി മേഖലകൾക്ക് പുറമേ വേതന വിതരണം ഓൺലൈനായി നടത്തുന്നതിന് സന്നദ്ധരായിട്ടുള്ള മറ്റ് തൊഴിൽ മേഖലകളിലെ സ്ഥാപനങ്ങൾക്കും വേതന സുരക്ഷാ പദ്ധതി മുഖേന ബാങ്ക് അക്കൗണ്ടിലൂടെ വേതന വിതരണം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് .<br>നിലവിൽ വേതന സുരക്ഷാ പദ്ധതി മുഖാന്തരം 9514 സ്ഥാപനങ്ങൾ തങ്ങളുടെ 3,25,031 തൊഴിലാളികൾക്ക് 6134.7 കോടി രൂപ വിജയപ്രദമായി ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട് . |
| (സി) ഇതിനെതിരെ കേരള ഹൈക്കോടതിയിൽ ഉണ്ടായിരുന്ന കേസിലെ വിധി എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ തൊഴിലുടമകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിൽ ഫോറം.XIV അപ് ലോഡ് ചെയ്യുന്നതിന് തൊഴിലുടമകൾക്ക് 3 മാസം സമയം അനുവദിച്ചും നിലവിൽ അക്കൗണ്ട് നമ്പർ നൽകാത്ത തൊഴിലാളികളുടെ |

വേതനത്തിന്റെ കാര്യത്തിൽ അക്കൗണ്ട് നമ്പർ ഇല്ലാതെയും ഫോറം.XIV അപ് ലോഡ് ചെയ്യാവുന്നതാണെന്നും ബാങ്ക് അക്കൗണ്ട് മുഖേനയോ വേതന സുരക്ഷാ പദ്ധതി മുഖേനയോ വേതന വിതരണം നടത്തണമെന്ന് നിർബന്ധിക്കാൻ പാടില്ലാത്തതാണെന്നും കോടതി ഉത്തരവായിട്ടുണ്ട്.

(ഡി) പാർലമെന്റ് പാസ്സാക്കിയ ദേശീയ വേജ് കോഡ് നിലവിൽ വരുന്നതോടുകൂടി ഈ ഭേദഗതിക്ക് പ്രസക്തി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായോയെന്ന് വ്യക്തമാക്കാമോ?

(ഡി) വേജ് കോഡ് 2019 ചാപ്റ്റർ 3 പ്രകാരം കോയിനുകൾ, കറൻസികൾ, ചെക്കുകൾ എന്നിവ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ട്/മറ്റ് ഇലക്ട്രോണിക് രീതികൾ വഴി വേതനം നൽകാവുന്നതാണ് എന്നും സമുചിത ഗവൺമെന്റിന് വിജ്ഞാപനങ്ങളിലൂടെ ഏതെല്ലാം വ്യവസായ/വാണിജ്യ മേഖലകളിലാണ് ചെക്ക് വഴിയോ ബാങ്ക് വഴിയോ വേതനം നൽകേണ്ടതെന്ന് തീരുമാനിക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോഡ് ഓൺ വേജസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ വേജ് പ്രൊട്ടക്ഷൻ സ്കീം നിലനിർത്താൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

**<u>അനുബന്ധം</u>**

| | |
|---|---|
| 1 | അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ് & അലൈഡ് സെക്ടർ |
| 2 | അലൂമിനിയം & ടിൻ പ്രോഡക്ട്സ് |
| 3 | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസസ്സ് |
| 4 | കൺസ്ട്രക്ഷൻ/മെയിന്റനൻസ് ഓഫ് ഡാംസ് |
| 5 | സിനിമാ തീയേറ്റർ |
| 6 | ഡൊമസ്റ്റിക് വർക്സ് |
| 7 | ഇലക്ട്രിക് എക്യുപ്മെന്റ്സ്, ഹോം അപ്ലൈൻസ് & ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം |
| 8 | ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ് (ഹോട്ടലുകളും റെസ്റ്റോറന്റുകളും ഉൾപ്പെടെ) |
| 9 | പ്രൈവറ്റ് ഹോസ്പിറ്റലുകൾ |
| 10 | സ്റ്റാർ ഹോട്ടലുകൾ |
| 11 | സെക്യൂരിറ്റി സർവ്വീസസ് |
| 12 | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ/ഐ.ടി |
| 13 | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് (നോൺ ടീച്ചിംഗ്) |
| 14 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 15 | ഗാർമന്റ് മേക്കിംഗ് |
| 16 | സ്വർണ്ണം, വെള്ളി ആഭരണ നിർമ്മാണ മേഖല |
| 17 | ഹോസിയറി നിർമ്മാണം |
| 18 | ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് |
| 19 | ലിക്വർ ട്രേഡിംഗ് & വെന്റിംഗ് |
| 20 | ലൈറ്റ് മോട്ടോർ വെഹിക്കിൾ |
| 21 | മൈനർ ഇഞ്ചിനീയറിംഗ് ഇൻഡസ്ട്രി |
| 22 | മാർബിൾ & ഗ്രാനൈറ്റ് |
| 23 | ഓയിൽ പാം പ്ലാന്റേഷൻസ് |
| 24 | പെട്രോൾ പമ്പ് |
| 25 | പ്ലാസ്റ്റിക് ഇൻഡസ്ട്രി |

| | |
|---|---|
| 26 | പവർലൂം ഇൻഡസ്ട്രി (കോട്ടൺ ടെക്സ്റ്റൈൽ മില്ലുകളിലെ പവർലൂം സെക്ഷനിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഒഴികെയുള്ളവർക്ക്) |
| 27. | പ്രിന്റിംഗ് പ്രസ്സസ് |
| 28. | മെഡിക്കൽ ഷോപ്പുകൾ |
| 29. | റബ്ബർ ക്രീപ്പ് മില്ലുകൾ |
| 30. | റൈസ് മിൽ, ഫ്ളോർ മിൽ/ദാൽ മിൽ |
| 31. | സ്റ്റോൺ ബ്രേക്കിംഗ് /സ്റ്റോൺ ക്രഷിംഗ് |
| 32. | സോപ്പ് നിർമ്മാണം |
| 33. | സെയിൽ പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട്സ് |
| 34 | സ്വീപ്പിംഗ് & ക്ലീനിംഗ് |
| 35 | ടിമ്പർ ഇൻഡസ്ട്രി |
| 36 | പ്ലൈവുഡ് ഇൻഡസ്ട്രി |
| 37 | പ്രൊഡക്ഷൻ ഓഫ് മോഷൻ പിക്ചേഴ്സ് & ടെലിഫിലിംസ് |
| 38 | കട നിർമ്മാണം |

സെക്ഷൻ ഓഫീസർ.